മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സംസ്ഥാനത്തു് 1963–64–ൽ 65 ക്രിസ്ത്യൻദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുണ്ടു്.

(ബി) 15.

(സി) നിർദ്ദേശങ്ങളും നൽകീട്ടുള്ളതനുസരിച്ചു ഓരോ ഡിസ്ട്രിക്റ്റിലും സൂപ്രണ്ടന്മാർ ദേവാലയങ്ങളുടെ പരിസരങ്ങളിലുള്ള സ്ഥലങ്ങളിലേക്കു പെട്രോളംപാർട്ടികളെ നിയോഗിക്കുകയും രണ്ടു പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലന്മാരുടെ നിർദ്ദേശപ്രകാരം ഈ മാതിരി ആക്രമണങ്ങളും ഇനിയും ഉണ്ടാകാതെയിരിക്കുന്നതിനുള്ള സത്വരനടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) കുട്ടനാട്താലൂക്കിൽപെടുന്ന നീലംപേരൂർ വില്ലേജിൽ ഉള്ള കൈനടി പള്ളിയിൽ നടന്ന ആക്രമണം സംബന്ധിച്ചു രാമൻകരി പോലീസ് സ്റ്റേഷനിൽ 22/64–ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസു ഊർജ്ജിതത്തിലിരിക്കുകയാണു്.

വെള്ളായണിക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണം

* 11. [20] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി ക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ അവസാനിച്ചുവോ;

(ബി) അന്വേഷണഫലം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) പ്രയോജനപ്രദമായ യാതൊരു തെളിവും ഇതുവരെ കിട്ടീട്ടില്ല.

ദേവാലയാക്രമണങ്ങൾ

* 12. [39] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961–62, 1962–63, 1963–64 (ജൂലൈ–31ാംതു-വരെ ഓരോ വർഷങ്ങളിലും എത്ര പള്ളികളും ക്ഷേത്രങ്ങളും ആക്രമിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഓരോ വർഷവും ദേവാലയാക്രമണം സംബന്ധിച്ചുണ്ടായ എത്ര കേസ്സുകളും തെളിഞ്ഞിട്ടുണ്ടു്;

(സി) തെളിവു കിട്ടാത്തവ എത്ര;

(ഡി) 1964 ജനുവരിക്കു ശേഷം എത്ര ക്രൈസ്തവ ദേവാലയങ്ങളും, ഹൈന്ദവ ദേവാലയങ്ങളും, ആക്രമവിധേയമായിട്ടുണ്ടു് ;

(ഇ) അതിൽ എത്രകേസ്സു് തെളിവു കിട്ടാതെയുണ്ടു് ; എത്രയെണ്ണം തെളിഞ്ഞിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly